# 14
# ഉറപ്പായി ജീവിക്കൽ
## (6:19–34)

6:19–34–ൽ, ദൈവത്തിൽ ആശ്രയിക്കുന്നതിനു പകരം സ്വത്തു സമ്പാദിക്കുന്നതിനെതിരെ കർത്താവ് മുന്നറിയിക്കുകയാണ്. ഭൂമിയിലെ നിക്ഷേപത്തിന് മുൻകരുതലെടുക്കുന്നവർ തങ്ങളുടെ ഭക്തിയെ വിഭജിക്കുകയും, ദൈവം നൽകുമെന്ന വിശ്വാസം അവരിൽ ഇല്ലാതിരിക്കുകയും ചെയ്യുമെന്നതായിരുന്നു അവന്റെ വിഷയത്തിലെ കാതലായ ഊന്നൽ.

### ദൈവത്തോടുള്ള ധ്യാനം (6:19-24)

കാപട്യത്തിന്റെ അപകടത്തെ മുന്നറിയിച്ചശേഷം, യേശു ദൈവത്തോടുള്ള ധ്യാനമെന്ന ഉയർന്ന നിലവാരത്തിലേക്കാണ് നീങ്ങുന്നത്. ധനത്തോടുള്ള ശരിയായ കാഴ്ച്ചപ്പാട് ഏക - മനസുള്ള ഭക്തിയാണ്. മൂന്നു ചെറിയ അഭിപ്രായങ്ങളാലാണ് ആ സന്ദേശത്തെ ബോധ്യമാക്കുന്നത്. അവ രണ്ടും വ്യത്യസ്തങ്ങളായ "നിക്ഷേപങ്ങളും" (6:19–21), "കണ്ണുകളും" (6:22, 23), "യജമാനന്മാരുമാണ്" (6:24). വാസ്തവത്തിലുള്ള ശിഷ്യത്വ വെല്ലുവിളിയായി ജീവിതത്തിലെ - പ്രശ്നങ്ങൾ അഭിമുഖീകരിക്കുവാൻ ആ ശക്തമായ അന്തരങ്ങളെ യേശു എടുത്തു കാണിച്ചു.

### രണ്ട് വിധത്തിലുള്ള നിക്ഷേപം (6:19-21)

**19"പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്. 20പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗത്തിൽ നിക്ഷേപം സ്വരൂപിച്ചുകൊൾവിൻ, 21നിന്റെ നിക്ഷേപം ഉള്ളേടത്തു നിന്റെ ഹൃദയവും ഇരിക്കും".**

**വാക്യം 19. "നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്"** എന്ന ആദ്യ മുന്നറിയിപ്പ് മൂലഭാഷയിൽ വാക്കുകളെക്കൊണ്ട് പന്താടിയിരിക്കുന്നു. "നിക്ഷേപം" എന്നത് ഗ്രീക്ക് ക്രിയയിൽനിന്നു തർജിമ ചെയ്തിരിക്കുന്നത് *തെസൗരിസോ* നാമമായ *തെസൈരോസു*മായി ബന്ധപ്പെട്ടിരിക്കുന്നതിന്റെ അർത്ഥം "ട്രെഷേഴ്സ്" എന്നാണ്. ആ വാകൃത്തിലെ ആദ്യത്തെ വരി ഇങ്ങനെ തർജിമ ചെയ്യാം: "നിങ്ങൾക്കായി നിക്ഷേപം സ്വരൂപിക്കരുത്."

"നിക്ഷേപം" എന്നതിന്റെ ഭൗതികവും താൽകാലികവുമായ അവസ്ഥയെയാണ് **ഭൂമിയിൽ** എന്ന പ്രയോഗം അർത്ഥമാക്കുന്നത്. ഒരു മനുഷ്യന് ഭൗതികമായ സമ്പാദ്യമല്ലാതെ മറ്റൊന്നും ജീവിതത്തിൽ കാണിക്കുവാനില്ലെങ്കിൽ, അയാൾ തീർച്ചയായും ദരിദ്രനാണ്. തന്റെ സ്വാർത്ഥമായ ഉപയോഗത്തിനായി ഭൗതികമായ വസ്തുവകകൾ സമ്പാദിക്കുന്നതും, അല്ലെങ്കിൽ നിശ്ചയമില്ലാത്ത ധനത്തിൽ ആശ്രയം വെക്കുന്നതും പാപമാകുന്നു (1 തിമൊ. 6:17–19; മർക്കൊ.

10:17–24; ലൂക്കൊ. 12:15; 18:24).

ഒരാൾ ഭൂമിയിൽ നിക്ഷേപം സ്വരൂപിക്കരുത് കാരണം അവ **പുഴുവും തുരുമ്പും** നശിപ്പിച്ചുകളയും. യേശുവിന്റെ കാലത്ത് ഒരു വ്യക്തിയുടെ സ്വത്ത് കണക്കാക്കിയിരുന്നത്, വസ്ത്രം, ലോഹം തുടങ്ങിയവ ആണ്. ആ വിലപിടിപ്പുള്ള വസ്ത്രം പെട്ടെന്നു "പുഴു" നശിപ്പിക്കും. "തുരുമ്പ്" എന്നത് ഗ്രീക്കിൽ *ബ്രോസിസ്* എന്നാണ്, അർത്ഥം "തിന്നുന്നവൻ" എന്നാണ്. വിലയേറിയ ലോഹങ്ങൾ "തുരുമ്പ്" തിന്നുകളയും (യാക്കൊ. 5:2, 3).

ഭൗമികമായ സ്വത്ത് കള്ളന്മാർ **തുരന്നു മോഷ്ടിക്കും** എന്നു യേശു കൂട്ടിച്ചേർത്തിരിക്കുന്നു. *ഡയോരുസോ* എന്ന ഗ്രീക്ക് വാക്ക് തർജിമ ചെയ്തതാണ് "തുരക്കുക" അക്ഷരികമായ അർത്ഥം, "കുഴിച്ച് കടക്കുക" എന്നാണ്. മൺകട്ടകൾകൊണ്ടുണ്ടാക്കിയ ചുമരുകൾ തുരന്നാണ് കള്ളന്മാർ വീടിനുള്ളിൽ കടന്നിരുന്നത് (ഇയ്യോ. 24:16). എല്ലാ ഭൗതികമായ സമ്പാദ്യങ്ങളും താൽകാലികവും, നഷ്ടപ്പെടാവുന്നതും, ഇല്ലാതാകുന്നതുമാണെന്നാണ് കർത്താവ് പറഞ്ഞത്. നശിക്കുന്നതും ഇല്ലാതാകുന്നതുമായ വസ്തുക്കളിൽ പ്രത്യാശവെക്കുന്നതിന്റെ മൗഢ്യത്തെ ആണ് യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചത്.

**വാക്യം 20**. അക്കാരണങ്ങളാൽ **സ്വർഗത്തിൽ നിക്ഷേപം ... സ്വരൂപിക്കു**ന്നതാണ് നല്ലത്. "സ്വർഗത്തിൽ നിക്ഷേപം സ്വരൂപിക്കുക" എന്നാൽ ഈ ലോകത്തിലെ വസ്തുവകകളേക്കാൾ ആത്മിയ കാര്യങ്ങൾക്ക് മുൻതുക്കം കൊടുത്ത് ദൈവത്തെയും അവന്റെ പുത്രനായ ക്രിസ്തുവിനെയും സ്നേഹിക്കുക എന്നാണ് അർത്ഥം (ലൂക്കൊ. 14:26 – 33; കൊലൊ. 3:1, 2 നോക്കുക). അതായത് ഒരാൾക്ക് ലഭിച്ചിരിക്കുന്ന ഭൗതികമായ അനുഗ്രഹങ്ങൾ തിരഞ്ഞെടുത്ത് ഉപയോഗിക്കേണ്ടത് ദൈവത്തെ മഹത്വപ്പെടുത്തുവാനും അവന്റെ രാജ്യത്തിന്റെ വ്യാപ്തിക്കുമായിരിക്കണം. മറ്റുള്ളവരോട് സുവിശേഷം അറിയിക്കുവാനും, ആവശ്യമുള്ളവരെ സഹായിക്കുവാനുമാണ് അവൻ ആഗ്രഹിക്കുന്നത്. സ്വത്തു സമ്പാദിച്ചിരുന്ന ധനികനായ യുവാവിനോട്, യേശു പറഞ്ഞു, "നീ സൽഗുണപൂർണ്ണനാകുവാൻ ആഗ്രഹിക്കുന്നു എങ്കിൽ, നീ ചെന്നു നിനക്കുള്ളതു വിറ്റു ദരിദ്രർക്ക് കൊടുക്ക; എന്നാൽ സ്വർഗത്തിൽ നിനക്ക് നിക്ഷേപം ഉണ്ടാകും; പിന്നെ വന്നു എന്നെ അനുഗമിക്ക" (19:21). പൗലൊസ് നിർവ്വചിച്ചു, "സ്വർഗത്തിൽ നിക്ഷേപം സ്വരൂപിക്ക" എന്നത് "സൽപ്രവൃത്തികളിൽ സമ്പന്നരാകുകയും" "ഔദാര്യമുള്ളവരാകുകയും" ചെയ്യുകയാണ് (1 തിമൊ. 6:18, 19).

നിക്ഷേപം സ്വരൂപിക്കലിന്റെ വേരുകൾ നമുക്ക് യെഹൂദമതത്തിൽ കാണാം.[1] സിരാഖ് എന്ന അപ്പൊക്രിഫാ പുസ്തകത്തിൽ പറയുന്നു,

> കൽപനകളനുസരിച്ച് സഹായിക്കുകയും, ആവശ്യങ്ങളുമായി വരുന്നവരെ വെറുങ്കൈയോടെ അയക്കുകയുമരുത്. വെള്ളി ശേഖരിച്ച് നഷ്ടപ്പെടുത്താതെ ഒരു സഹോദരനോ, സ്നേഹിതനോ വേണ്ടി നിങ്ങളുടെ വെള്ളി നഷ്ടമാക്കുക. അത്യുന്നതനായ ദൈവത്തിന്റെ കൽപനകളനുസരിച്ച് നിക്ഷേപം സ്വരൂപിച്ചാൽ, അത് പൊന്നിനേക്കാൾ ഉപകാരപ്പെടും.[2]

താൽമൂദ് പറയുന്നു, "കയ്യെത്താവുന്ന ദൂരത്തിലായിരുന്നു എന്റെ പിതാക്കന്മാർ നിക്ഷേപിച്ചിരുന്നത്, പക്ഷെ ഞാൻ നിക്ഷേപിച്ചിരിക്കുന്നത് കയ്യെത്താ ദൂരത്താണ് ... എന്റെ പിതാക്കന്മാർ നിക്ഷേപിച്ചത് ഈ ലോകത്തിനു വേണ്ടിയായിരുന്നു, എന്നാൽ ഞാനോ ഭാവിലോകത്തിനു വേണ്ടിയാണ്."[3]

**വാക്യം 21.** നിത്യമായ കാഴ്ച്ചപ്പാടോടെ ആയിരിക്കണം നമ്മുടെ നിക്ഷേപം – സ്വരൂപിക്കൽ എന്ന് ഊന്നി പറയുന്നതുവരെ യേശു ആ വിഷയം അവസാനിപ്പിക്കുന്നില്ല: **"നിങ്ങളുടെ നിക്ഷേപം ഉള്ളേടത്ത് നിങ്ങളുടെ ഹൃദയവും ഇരിക്കും."** വ്യക്തിത്വത്തിന്റെ കേന്ദ്ര സ്ഥാനമാണ് "ഹൃദയം" (*കാർഡിയ*) എന്നതു പലപ്പോഴും സൂചിപ്പിക്കുന്നത്. അതിന്റെ പൊതുവായ ഉപയോഗവുമായി ഇവിടെ പറയുന്നത്, "സ്നേഹബന്ധം," "മുൻഗണനകൾ," "ആഗ്രഹങ്ങൾ" എന്നിങ്ങനെയാണ്. ഒരാൾ ഭൂമിയിൽ തനിക്കുവേണ്ടി തന്റെ നിക്ഷേപം സ്വരൂപിച്ചാൽ, അയാളുടെ ഹൃദയം അവിടെയായിരിക്കും. അയാൾ ഹ്രസ്വദൃഷ്ടിയുള്ളവനും, ലോക – മനസുള്ളവനും, അനാത്മികനുമായിരിക്കും. ദൈവത്തോടുകൂടിയുള്ള സ്വർഗീയ ഭവനം അയാൾക്ക് പ്രതീക്ഷിക്കുവാൻ കഴിയുകയില്ല. എന്നാൽ അതിൽനിന്നു വ്യത്യസ്തമായി, ഒരാൾ സ്വർഗത്തിൽ "നിക്ഷേപം" സ്വരൂപിച്ചാൽ, അയാളുടെ ഹൃദയം അവിടെയായിരിക്കും. അയാൾ ക്രിസ്തുവിനേയും അവന്റെ രാജ്യത്തേയും ആദ്യം അന്വേഷിക്കും, അയാളുടെ സ്വത്തുകൊണ്ട് മറ്റുള്ളവരെ സേവിക്കും. അയാൾക്ക് ഈ ലോകത്തിൽ സമൃദ്ധമായ ജീവനും സ്വർഗത്തിൽ ദൈവത്തോടുകൂടി നിത്യജീവനും പ്രാപിക്കും.

## രണ്ടു തരത്തിലുള്ള കണ്ണുകൾ (6:22, 23)

**22"ശരീരത്തിന്റെ വിളക്ക് കണ്ണ് ആകുന്നു; കണ്ണ് ചൊവ്വുള്ളതെങ്കിൽ നിന്റെ ശരീരം മുഴുവനും പ്രകാശിതമായിരിക്കും; 23കണ്ണ് കേടുള്ളതെങ്കിലോ, നിന്റെ ശരീരം മുഴുവനും ഇരുണ്ടതായിരിക്കും. എന്നാൽ നിന്നിലുള്ള വെളിച്ചം ഇരുട്ടായാൽ ഇരുട്ട് എത്ര വലിയത്!"**

**വാക്യം 22.** ദൈവത്തോടുള്ള ധ്യാനത്തെ യേശു തന്റെ രണ്ടാമത്തെ ഉപമയിൽ തുടരുന്നു. അവൻ ഉറപ്പിച്ചു പറയുന്നത് ഇതാണ്: **"കണ്ണ് ശരീരത്തിന്റെ വിളക്കാണ്."** പ്രാഥമികമായ വെളിച്ചത്തിന്, ഒന്നാം നൂറ്റാണ്ടിൽ, പാലസ്തീനിൽ എണ്ണവിളക്കാണ് ഉപയോഗിച്ചിരുന്നത് (5:15 ന്റെ പരാമർശം നോക്കുക). മനുഷ്യശരീരത്തിന്റെ പ്രകാശത്തിന്റെ ഉറവിടമാണ് കണ്ണ്; മനുഷ്യശരീരത്തിന്റെ സ്വാധീനത്തിനും പ്രയോജനത്തിനുമുള്ളതാണ് അത്.

ഈ താരതമ്യം പറഞ്ഞശേഷം, യേശു ഇങ്ങനെ അവസാനിപ്പിച്ചു: "കണ്ണു ചൊവ്വുള്ളതെങ്കിൽ, നിന്റെ ശരീരം മുഴുവൻ പ്രകാശിതമായിരിക്കും." "പ്രകാശിതം" എന്നതിനുള്ള ഗ്രീക്ക് വാക്ക് (*ഹാപ്ലസ്*) "സിങ്കിൾ" എന്നും തർജിമ ചെയ്യാം, അർത്ഥം, "ഏകമനസോടെയുള്ള – ധ്യാനം" എന്നാണ്. ജെ. സി. റൈലിനോടൊപ്പം നാം പറയണം, "ആത്മിയ സമൃദ്ധിക്കുള്ള രഹസ്യമാണ് ഏക ഉദ്ദേശം."[4] എങ്ങനെയായാലും, ആ വാക്കു "ആരോഗ്യമുള്ള," (എൻ ആർഎസ്വി) "നല്ല" (എൻഐവി), "ഉദാരതയെയാണ്" സൂചിപ്പിക്കുന്നത്. പുരാതനകാലത്ത്, "നല്ല കണ്ണ്" ഉദാരതക്കുള്ള ആശയമായിരുന്നു. സദൃശവാക്യം 22:9 അക്ഷരികമായി പറയുന്നു, "നല്ല കണ്ണുള്ളവൻ അനുഗ്രഹിക്കപ്പെടും, കാരണം അവൻ തന്റെ ആഹാരത്തിൽനിന്ന് അഗതിക്കു കൊടുക്കുന്നു." അതിലുപരിയായി, അതുമായി ബന്ധപ്പെട്ട വാക്ക് *പോപ്ലോട്ടെസ്* എന്നത് ഔദാര്യത്തിന് ഉപയോഗിച്ചിരിക്കുന്നു (റോമർ. 12:8; 2 കൊ. 8:2; 9:11, 13). "ഈ വാക്യത്തിൽ ഹാപ്ലസിനു ഒരുപക്ഷെ ഇരട്ട അർത്ഥമുണ്ടാകാം. ഏക – മനസോടെയുള്ള ധ്യാനവും, ഔദാര്യവും."[5]

**വാക്യം 23.** അഭക്തിയുള്ള മനുഷ്യൻ മുഴുവനും **ഇരുട്ടിലായിരിക്കുന്ന** തുപോലെ, അനുഗ്രഹിക്കപ്പെട്ട മനുഷ്യൻ മുഴുവൻ വെളിച്ചത്തിലായിരിക്കും. ആ വ്യക്തിയുടെ കണ്ണു **കേടായിരിക്കുന്നു** എന്നാണ് യേശു പറഞ്ഞത്. "കേട്" എന്നതിന്റെ ഗ്രീക്ക് വാക്ക് (*പോനേറോസ്*) എന്നത് "ഈവിൾ" എന്നും തർജിമ ചെയ്യാം (കെജെവി). "കേടായ കണ്ണ്" സൂചിപ്പിക്കുന്നത് "പിശുക്കൻ," "അത്യാഗ്രഹി," "അസൂയയുള്ള" എന്നീ അർത്ഥങ്ങളാണുള്ളത് (ആവ. 15:9; സദൃശ 23:6; കെജെവി), സദൃശവാക്യം 28:22 പറയുന്നു, "കണ്ണുകടിയുള്ളവൻ [പൊണേരോസ്] ധനവാനാകുവാൻ ബദ്ധപ്പെടുന്നു. ബുദ്ധിമുട്ട് വരുമെന്നത് അവൻ അറിയുന്നുമില്ല." യേശുവിന്റെ ഒരു ഉപമയിൽ വീട്ടുടയവൻ ഈ ചോദ്യം ചോദിച്ചു, "എനിക്കുള്ളതുകൊണ്ട് മനസുപോലെ ചെയ്യുവാൻ എനിക്ക് ന്യായമില്ലയോ?" (20:15). ഒരു മനുഷ്യനെ അത്യാഗ്രഹം ബാധിച്ചാൽ, അയാളുടെ ജീവിതം കുഴപ്പത്തിലാകും.[6] **"നിന്നിലുള്ള വെളിച്ചം ഇരുളായാൽ, ഇരുട്ട് എത്ര വലിയത്!" എന്നാണ് യേശു ആശ്ചര്യപ്പെട്ടത്.**

## രണ്ടു തരത്തിലുള്ള യജമാനന്മാർ (6:24)

**[24]"രണ്ടു യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴികയില്ല; അങ്ങനെ ചെയ്താൽ ഒരുത്തനെ പകെച്ചു മറ്റവനെ സ്നേഹിക്കും. അല്ലെങ്കിൽ ഒരുത്തനോട് പറ്റിച്ചേർന്നു മറ്റവനെ നിരസിക്കും; നിങ്ങൾക്ക് മാമോനേയും ദൈവത്തെയും സ്നേഹിപ്പാൻ കഴികയില്ല."**

**വാക്യം 24.** "യജമാനൻ" എന്നതിനുള്ള ഗ്രീക്ക് വാക്ക് (*കുരിയോസ്*), പലപ്പോഴും, തർജിമ ചെയ്തിരിക്കുന്നത് "കർത്താവ്," എന്നാണ്, അത് പ്രതിഫലിപ്പിക്കുന്നത്, നായകത്വം, ഉടമസ്ഥാവകാശം, ഉയർന്ന സ്ഥാനം, അധികാരം എന്നിവയാണ്. ഈ സന്ദർഭത്തിൽ, ദാസന്മാരെ സ്വായത്തമാക്കിയ ആൾ എന്നാണ് അർത്ഥം. ഒരു അടിമയുടെ ജീവിതത്തിലെ എല്ലാ വശവും ഒന്നാം നൂറ്റാണ്ടിൽ യജമാനനു അടിയറവ് വെച്ചിരിക്കും. മറ്റാർക്കും കൊടുക്കുവാൻ തന്റെ കൈവശം ഒന്നുമില്ലാത്തവണ്ണം ദാസൻ യജമാനന് സർവ്വവും കീഴ്പ്പെടുത്തി കൊടുത്തിരുന്നു.

"രണ്ടു യജമാനന്മാർ" ചേർന്ന് ഒരു ദാസനെ വാങ്ങുന്നത് സാധാരണ സംഭവമായിരുന്നു (ഉല്. 37:28; പ്രവൃത്തികൾ 16:16, 19).[7] എങ്ങനെയായാലും, വിവിധ താൽപര്യങ്ങളുള്ള രണ്ടു യജമാനന്മാരെ ഒരു ദാസനു **സേവിക്കുവാൻ** പ്രയാസമായിരിക്കും. ഒരു സമയത്ത് ഒരാളെ മാത്രമെ സ്നേഹിക്കുവാൻ കഴിയുകയുള്ളു. ഈ സന്ദർഭത്തിൽ, **പകെക്കുക** എന്നതിന്റെ അർത്ഥം "കുറഞ്ഞു സ്നേഹിക്കുക" എന്നാണെന്ന് ജാക് പി. ലേവിസ് പറഞ്ഞു (ഉല്. 29:31–33; ആവ. 21:15).[8]

യേശു ചുരുക്കമായി പറഞ്ഞു, "**നിങ്ങൾക്ക് ദൈവത്തെയും മാമോനേയും സേവിപ്പാൻ കഴികയില്ല**." "സ്വത്ത്" എന്നതിനു പകരം കെജെവിയിൽ "മാമോൻ" എന്നാണ്. ഇത് *മാമോനാസ്* ലിപി മാറ്റി പറഞ്ഞതാണ്. മാമോൻ എന്ന വാക്ക് അരാമ്യയിൽനിന്നു വന്നതാണ്. പുതിയനിയമത്തിൽ ആ വാക്ക് ലൂക്കൊസ് 16:9, 11, 13–ൽ മാത്രമാണുള്ളത്. "മാമോൻ" അല്ലെങ്കിൽ "സ്വത്ത്" ഇവിടെ യജമാനനായിട്ടാണ് പറഞ്ഞിരിക്കുന്നത്. ലേവിസ് പറഞ്ഞു, "മനുഷ്യൻ സ്വന്തമാക്കിയതു പലതും, അവൻ സ്വന്തമാക്കണമെന്നു വിചാരിച്ചതാണ്."[9]

## ആധി അതിജീവിക്കൽ (6:25-34)

**[25]"അതുകൊണ്ട് ഞാൻ നിങ്ങളോടു പറയുന്നത്, എന്തു തിന്നും എന്തു കുടിക്കും എന്നു നിങ്ങളുടെ ജീവന്നായിക്കൊണ്ടും, എന്തുടുക്കും എന്നു ശരീരത്തിനായിക്കൊണ്ടും വിചാരപ്പെടരുത്. ആഹാരത്തെക്കാൾ ജീവനും ഉടുപ്പിനേക്കാൾ ശരീരവും വലുതല്ലയോ? [26]ആകാശത്തിലെ പറവകളെ നോക്കുവിൻ, അവ വിതെക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ കൂട്ടിവെക്കുന്നതുമില്ല, എങ്കിലും സ്വർഗസ്ഥനായ നിങ്ങളുടെ പിതാവ് അതിനെ പുലർത്തുന്നു; അവയേക്കാൾ നിങ്ങൾ ഏറ്റവും വിശേഷതയുള്ളവർ അല്ലയോ?[27] വിചാരപ്പെടുന്നതിനാൽ നിന്റെ നീളത്തോട് ഒരു മുഴം കൂട്ടുവാൻ നിങ്ങളിൽ ആർക്കു കഴിയും?[28]ഉടുപ്പിനെ കുറിച്ചു വിചാരപ്പെടുന്നതും എന്ത്? വയലിലെ താമര എങ്ങനെ വളരുന്നു എന്നു നിരുപിപ്പിൻ; അവ അദ്ധ്വാനിക്കുന്നില്ല, നൂൽക്കുന്നതുമില്ല; [29]എന്നാൽ ശലോമോൻ പോലും തന്റെ സർവ്വ മഹത്വത്തിലും ഇവയിൽ ഒന്നിനോളം ചമഞ്ഞിരുന്നില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു. [30]ഇന്നുള്ളതും നാളെ അടുപ്പിൽ ഇടുന്നതുമായ വയലിലെ പുല്ലിനെ ദൈവം ഇങ്ങനെ ചമയിക്കുന്നു എങ്കിൽ അൽപ വിശ്വാസികളേ നിങ്ങളെ എത്ര അധികം! [31]ആകയാൽ നാം 'എന്തു തിന്നും?' 'എന്തു കുടിക്കും?' 'എന്തുടുക്കും?' എന്നിങ്ങനെ വിചാരപ്പെടരുത്. [32]ഈ വക ഒക്കെയും ജാതികൾ അന്വേഷിക്കുന്നു. സ്വർഗസ്ഥനായ പിതാവ് ഇതൊക്കെയും നിങ്ങൾക്ക് ആവശ്യം എന്നു അറിയുന്നുവല്ലോ. [33]മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്ക് കിട്ടും.**

**[34]"അതുകൊണ്ട് നാളെക്കായി വിചാരപ്പെടരുത്; നാളത്തെ ദിവസം തനിക്കായി വിചാരപ്പെടുമല്ലോ. അതതു ദിവസത്തിനു അന്നന്നത്തെ ദോഷം മതി."**

പൂർണ്ണ ഹൃദയത്തോടെ ദൈവത്തിൽ സമർപ്പിക്കപ്പെട്ട ഒരാൾ സമ്പത്തിന് അടിമയാകുകയോ, ഭൂമിയിൽ നിക്ഷേപം സ്വരൂപിക്കുകയോ ചെയ്യുകയില്ല. പകരം, അയാൾ ഉദാരമനസ്ക്കനായി മറ്റുള്ളവർ ക്രിസ്തുവിനെ അറിയുവാൻ സഹായിക്കുകയും അവരുടെ ആവശ്യങ്ങളിൽ സഹായിക്കുകയും ചെയ്യും (6:19–24). തന്റെ ജീവിതത്തിൽ ദൈവരാജ്യത്തിനു പ്രഥമ സ്ഥാനം കൊടുക്കുമ്പോൾ, ദൈവം എല്ലാം നോക്കിക്കൊള്ളും എന്ന വിശ്വാസം ആ വ്യക്തിക്ക് ഉണ്ടാകും (6:25–34).

വിചാരപ്പെടുന്നതിനെതിരായി യേശു പ്രബോധിപ്പിച്ച് (6:25) പ്രകൃതിയിലെ ഒരു തത്വമെടുത്തു ചിത്രീകരിക്കുന്നു, "പക്ഷികൾ" (6:26, 27) "പുഷ്പങ്ങൾ" (6:28–30) എന്നിവ എടുത്തു കാണിച്ചിരിക്കുന്നു. വിചാരപ്പെടുന്നത് മതിയാക്കി ദൈവരാജ്യം പിന്തുടരുവാനായിരുന്നു തന്റെ ശിഷ്യന്മാരെ യേശു പ്രബോധിപ്പിച്ചത് (6:31–34).

**വാക്യം 25. "അക്കാരണങ്ങളാൽ"** എന്നു പറഞ്ഞത്, അവൻ മുൻപ് പറഞ്ഞതായ കാരണങ്ങൾ നിമിത്തം എന്നർത്ഥം. ഒരാൾ ദൈവത്തെ യജമാനനായി സേവിക്കുകയാണെങ്കിൽ അയാൾക്ക് വിചാരപ്പെടേണ്ട ആവശ്യമില്ല; കാരണം അയാളുടെ സേവനത്തിന് ആവശ്യമുള്ളത് ദൈവം നൽകും. "വിചാരം" എന്നതിന്റെ ഗ്രീക്ക് വാക്കിന്റെ (*മെരിംനാവോ*), അർത്ഥം, "ഉൽക്കണ്ഠപ്പെടുക" അല്ലെങ്കിൽ, "അമിതമായി ആകുലപ്പെടുക" എന്നാണ്. വിചാരപ്പെടുമ്പോൾ, ഒരാൾക്ക് തന്റെ യജമാനനെ സേവിക്കുവാനുള്ള ഊർജ്ജം വരണ്ടുപോകും.

അതു വ്യർത്ഥമാണ്, ശൂന്യമാണ്, വിലക്കിയിരിക്കുന്നതുമാണ്. പൗലൊസ് എഴുതി, "ഒന്നിനെ കുറിച്ചും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർത്ഥനയാലും, അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടെ ദൈവത്തോട് അറിയിക്കയത്രേ വേണ്ടത്" (ഫിലി. 4:6; 1 പത്രൊ. 5:7 നോക്കുക).

**ജീവൻ** എന്നതിനുള്ള ഗ്രീക്ക് വാക്ക് (*സൂക്കേ*) പുതിയനിയമത്തിൽ വിവിധ രീതിയിൽ ഉപയോഗിച്ചിരിക്കുന്നു. നമ്മുടെ വ്യക്തിത്വത്തിന്റെ ശാരീരികവും, ആത്മികയും, വൈകാരികവുമായ വശങ്ങളും അതിൽ ഉൾപ്പെട്ടിരിക്കുന്നു. ഈ വാക്യത്തിൽ, "ജീവൻ" എന്നു പറയുന്നത് "ശരീരത്തിന്റെ ജീവിപ്പിക്കുന്ന തത്വവും,"[10] **ശരീരത്തോ** (*സോമാ*) ടോപ്പമുള്ള സമാന്തര രൂപങ്ങളും ഉൾപ്പെടുന്നു. മനുഷ്യന്റെ ശാരീരിക നിലനിൽപിന്, **ആഹാരം, പാനിയം, വസ്ത്രം** എന്നിവ ആവശ്യമാണ്. മൈക്കിൾ ജെ. വിൽക്കിൻസ് ചൂണ്ടിക്കാട്ടി, "ദൈന - ന്തിന - ആവശ്യങ്ങൾക്കായി നിരന്തരം പരിശ്രമിച്ചുകൊണ്ടിരുന്നവരോടായിരുന്നു അധികവും യേശു സംസാരിച്ചത്. അവർ ഓരോ ദിവസവും ജോലി ചെയ്താൽ മാത്രമെ അന്നന്നുള്ള കാര്യങ്ങൾ നിർവ്വഹിക്കുവാൻ കഴിയുമായിരുന്നുള്ളു."[11] എങ്ങനെയായാലും, ശരീരത്തെ സൂക്ഷിക്കുന്നതിനേക്കാൾ ജീവിതത്തിനു കൂടുതൽ അർത്ഥവും ഉത്തമമായ ലക്ഷ്യവുമുണ്ട്.

**വാക്യം 26**. തന്റെ ആദ്യത്തെ ചിത്രീകരണത്തിൽ, ദൈവം **ആകാശത്തിലെ പക്ഷികൾക്ക്** ആഹാരം കൊടുക്കുന്നു എന്ന ഉറപ്പാണ് യേശു നൽകിയത്. മനുഷ്യരിൽനിന്നു വ്യത്യസ്തമായി, **അവ വിതെക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ കൂട്ടി വെക്കുന്നില്ല**. ആ പ്രസ്താവനയിൽനിന്നും പക്ഷികൾ ആഹാരത്തിനായി ഒന്നും ചെയ്യുന്നില്ല എന്നു ധരിക്കരുത്. അവ പ്രഭാതത്തിൽ തന്നെ പ്രാതലിന് മണ്ണിരയെ തേടിയിറങ്ങുന്നു. അപ്പോഴും അവ കഴിക്കുന്ന ആഹാരം ഉൽപാദിപ്പിക്കുവാൻ ഒന്നും ചെയ്യുന്നില്ല; ദൈവമാണ് അത് അവക്ക് നൽകുന്നത്. ദൈവം ഒരുക്കിയിരിക്കുന്ന ആഹാരം കണ്ടെത്തുവാൻ അവ പരിശ്രമിക്കുന്നു എന്നു മാത്രം. ആ ചിത്രീകരണത്തിൽ, യേശു കുറ - ഞ്ഞതും, വലിയ - തുമായ വാദമാണ് ഉന്നയിച്ചത്. അപ്രധാനമായ പക്ഷികൾക്ക് ദൈവം ആഹാരം കൊടുക്കുമെങ്കിൽ, തന്റെ സാദൃശ്യത്തിൽ സൃഷ്ടിച്ച മനുഷ്യർക്ക് ദൈവം തീർച്ചയായും ആഹാരം നൽകും (ഉല്. 1:27). നിശ്ചയമായും, മനുഷ്യർ പക്ഷികളേക്കാൾ **വിലയുള്ളവരാണ്** (സങ്കീ. 8:3–8).

**വാക്യം 27**. വിചാരപ്പെടുന്നതിന്റെ മൗഢ്യം മനസിലാക്കുവാനായി യേശു ചോദിച്ചു, **"വിചാരപ്പെടുന്നതിനാൽ, തന്റെ നീളത്തോട് ഒരു മുഴം കൂട്ടുവാൻ നിങ്ങളിൽ ആർക്ക് കഴിയും?"** ആ അലങ്കാരശാസ്ത്ര ചോദ്യത്തിനുള്ള ഉത്തരം, "ആർക്കും കഴിയുകയില്ല" എന്നാണ്.

"ജീവിതത്തിന്റെ ഒരു നാഴിക കൂട്ടുക" എന്നതിനു പകരം കെജെവിയിൽ "നീളത്തിൽ ഒരു മുഴം കൂട്ടുക" എന്നാണ്. "മുഴം" എന്നതിന്റെ ഗ്രീക്ക് വാക്ക് (*പേക്കസ്*), അതിന്റെ ആരംഭത്തിലെ അർത്ഥം "കൈമുഴം" എന്നായിരുന്നു, പിന്നീട് ഒരു മുഴം എന്നതു നീളം അളക്കുന്നതായി മാറി (ഏതാണ്ട് പതിനെട്ട് ഇഞ്ച്). എങ്ങനെയായാലും, പിന്നീട് അത് സമയത്തിന്റെ ഒരു ഭാഗം പ്രത്യേകമായി പറയുവാനും ഉപയോഗിച്ചിരുന്നു (സങ്കീ. 39:5). "ഉയരം" എന്നതിനുള്ള ഗ്രീക്ക് വാക്ക് (*ഹെലികിയാ*) ഒരാളുടെ "പ്രായത്തെയും" പറയാം (യോഹ. 9:21; എബ്രാ. 11:11). യേശു പറഞ്ഞത് ഒരു "നിസാര കാര്യം" ആകയാൽ (ലൂക്കൊ. 12:25, 26), മിക്ക ആധുനിക തർജിമകളും ആയുഷ്ക്കാലം അൽപം കൂട്ടുന്നതായി പറഞ്ഞിരിക്കുന്നു. പകരമായിട്ടാണ് തർജിമക്കാർ ഇങ്ങനെ ഉപ

യോഗിച്ചത് – നീളത്തോട് ഒരു മുഴം കൂട്ടുക എന്നത് – അത് അവിശ്വസനീയമായ സാഹസ പ്രവൃത്തി തന്നെയാണ്! അതുകൊണ്ട്, എൻഎഎസ്ബിയിലെ തർജ്ജിമയാണെന്നു തോന്നുന്നു ശരിയായത്.

**വാക്യങ്ങൾ 28, 29.** തന്റെ രണ്ടാമത്തെ ചിത്രീകരണത്തിൽ, യേശു വസ്ത്രത്തെ കുറിച്ചാണ് പറഞ്ഞത്. ഒരിക്കൽ കൂടെ അവൻ പ്രകൃതിയിലുള്ള വയലിലെ താമരയെ എടുത്ത് കാണിച്ചു. **താമരയുടെ** മനോഹാരിതക്ക് പുഷ്പത്തിനു എന്തു യോഗ്യതയാണുള്ളത്? അത് **അദ്ധ്വാനിക്കുന്നില്ല, നൂൽക്കുന്നുമില്ല**. എങ്കിലും, പലനിറങ്ങളിലുള്ള ചവുക്കാളങ്ങൾക്ക് അവ ഉപയോഗിക്കുന്നു. വിവിധ വർണ്ണങ്ങളും, ആകൃതികളും, ഗന്ധങ്ങളും പുഷ്പങ്ങൾക്കുള്ളത് വിസ്മയാവഹം തന്നെയാണ്.

വയലിലെ താമരയെ കാണിച്ച് യേശു പറഞ്ഞത്, **ശലോമോൻ തന്റെ സകല മഹത്വത്തിലും** – അവന്റെ വസ്ത്രധാരണത്തെയെല്ലാം വയലിലെ **ഒരു താമരയോടു** താരതമ്യം ചെയ്യാവുന്നതല്ല – **വയലിലെ താമര**. ശലോമോൻ രാജാവ്, സദൃശവാക്യ ജ്ഞാനത്തിൽ മാത്രമല്ല സമ്പത്തിലും പ്രസിദ്ധനായിരുന്നു (1 രാജാ. 3:12, 13; 10:1–29; 2 ദിന. 9:1–28); എന്നിരുന്നാലും അവന്റെ ഏറ്റവും പ്രൗഢിയുള്ള രാജകിയ വസ്ത്രം ദൈവം ചമയിച്ച താമരയോട് താരതമ്യം ചെയ്യാവുന്നതല്ല. യേശുവിന്റെ മനസിൽ പ്രത്യേകമായ ഒരു പുഷ്പം ഇല്ലാതിരുന്നേക്കാം. എങ്ങനെയായാലും, രക്താംബരം പോലെയുള്ള ശലോമോന്റെ വസ്ത്രം ദൈവം സൃഷ്ടിച്ച ഏറ്റവും ചെറിയ ഒന്നിനോടും ഉപമിക്കുവാൻ സാധ്യമല്ല (ന്യായാ. 8:26 നോക്കുക). വിൽക്കിൻസ് പറഞ്ഞു, “ഇന്നും ചുവന്ന് രക്താംബര നിറത്തിലുള്ള പത്ത് – ഇഞ്ച് – നീളമുള്ള നീല വർണ്ണത്തോടുകൂടിയ താമരകൾ ഗലീലാ കടൽതീരത്തെ കുന്നുകളിൽ ഉയർന്നു നിൽക്കുന്നതു കാണാം.”[12]

**വാക്യം 30. വയലിലെ പുല്ലിനെ** ഉടുപ്പിക്കുന്നതുപോലെയാണ് **ദൈവം** പുഷ്പങ്ങൾക്ക് സൗന്ദര്യം നൽകുന്നത്. എങ്ങനെയായാലും, ആ പുല്ലുകൾ താൽകാലികമാണ്: “സൂര്യൻ ഉഷ്ണക്കാറ്റോടെ ഉദിച്ചിട്ട് പുല്ല് ഉണങ്ങി, പൂവുതിർന്നു, അതിന്റെ രൂപഭംഗി കെട്ടുപോകുന്നു” (യാക്കൊ. 1:11; 1 പത്രൊ. 1:24). അത് ഇന്ന് ജീവനോടെ കാണും, **നാളെ ഉണങ്ങി തീയിൽ ഇടും**. സാധുക്കളായ ആളുകൾ വിറകിന്റെ ഉപയോഗത്തിന് ഉണങ്ങിയ പുല്ലാണ് ഉപയോഗിച്ചിരുന്നത്. വീണ്ടും, യേശു നിസാരമായതും വലിയതുമായാണ് താരതമ്യം ചെയ്യുന്നത്. അപ്രധാനമായ പുല്ലിനെ ദൈവം ചമയിക്കുന്നുവെങ്കിൽ, തീർച്ചയായും തന്റെ ജനത്തിന് അവൻ വസ്ത്രം നൽകും.

“**അൽപവിശ്വാസികളായ നിങ്ങളെ**” എന്ന പ്രയോഗം മത്തായിയുടെ പുസ്തകത്തിൽ പല പ്രാവശ്യം കാണാം (8:26; 14:31; 16:8; 17:20). താൽമൂദ് പറയുന്നു, “ആരുടെയെങ്കിലും കുട്ടയിൽ ഒരു കഷണം അപ്പം ഉണ്ടായിട്ട്, ഞാൻ നാളെ എന്തു തിന്നും? എന്നു പറയുന്നവനാണ് അൽപവിശ്വാസി.”[13]

**വാക്യങ്ങൾ 31, 32.** ആ സ്ഥലത്ത്, താൻ ആരംഭത്തിൽ എന്തു **തിന്നും**, എന്തു **കുടിക്കും**, **എന്തുടുക്കും** എന്നു **വിചാരപ്പെടരുത്** എന്ന് പറഞ്ഞത് ആവർത്തിക്കയാണ് (6:25 നോക്കുക). ജീവിതത്തിൽ നമുക്ക് പല ആവശ്യങ്ങളുണ്ടെന്ന് ദൈവത്തിന് അറിയാം. അതുകൊണ്ട്, നമ്മുടെ ഭാഗത്തുനിന്നും ചെയ്യേണ്ടത് നാം ചെയ്യുമ്പോൾ, അവൻ നമുക്ക് അവ നൽകും. നാം വിചാരപ്പെടുന്നതിനാൽ, നമുക്ക് ആഹാരമോ, വസ്ത്രമോ, പാർപ്പിടമോ ലഭിക്കുകയില്ല, അല്ലെങ്കിൽ നമ്മുടെ ജീവിത കാലയളവ് അൽപമെങ്കിലും കൂട്ടുവാനും കഴിയുകയില്ല. നമുക്ക് കഴിക്കുവാൻ ആഹാരവും, ധരിക്കുവാൻ വസ്ത്രവും, തല

ചായ്ക്കുവാൻ ഒരിടവുമുണ്ടെങ്കിൽ പിന്നെ എന്തു വേണം? വിചാരം നമുക്ക് ഒരു ഗുണവും ചെയ്കയില്ല. പൗലൊസ് എഴുതി, "അലംഭാവത്തോടുകൂടിയ ദൈവഭക്തി വലുതായ ആദായം ആകുന്നു താനും. ഇഹലോകത്തിലേക്ക് നാം ഒന്നും കൊണ്ടുവന്നിട്ടില്ല, ഇവിടെനിന്നും യാതൊന്നും കൊണ്ടുപോകുവാൻ കഴിയുന്നതുമല്ല. ഉൺമാനും ഉടുപ്പാനും ഉണ്ടെങ്കിൽ അതു മതി എന്നു വിചാരിക്ക" (1 തിമൊ. 6:6–8).

ഈ വക കാര്യങ്ങളെല്ലാം **ജാതികൾ അന്വേഷിക്കുന്നു** എന്നാണ് യേശു പറഞ്ഞത്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, ജാതികളെ പോലെ, ആഹാരം, പാനിയം, വസ്ത്രം എന്നിവക്കായി ബദ്ധപ്പെട്ടുകൊണ്ടിരിക്കുകയാണെങ്കിൽ, നാം ദൈവത്തെ അറിയാത്തവരെ പോലെ ആകും (എഫെ. 2:11, 12 നോക്കുക). റോബർട്ട് എച്ച്. മൗൺസ് പറഞ്ഞു, "വിചാരപ്പെടുന്നത് പ്രായോഗിക നിരീശ്വരത്വവും ദൈവത്തെ അവഹേളിക്കലുമാണ്."[14] ജാതികളോട് അവരെ താരതമ്യം ചെയ്തതു യേശുവിന്റെ ശ്രോതാക്കളെ അമ്പരപ്പിച്ചിരിക്കാമെന്നതിനാൽ അവന്റെ വാക്കുകൾ അവർ ശ്രദ്ധിച്ചു കേട്ടു കാണും. ഇതു മലപ്രസംഗത്തിൽ "ജാതികളെ" മൂന്നാമത്ത പ്രാവശ്യമാണ് ഉപയോഗിച്ചിരിക്കുന്നത് (5:47; 6:7 ന്റെ പരാമർശം നോക്കുക).

**വാക്യം 33**. ഭൗതികമായ ആവശ്യങ്ങൾ അന്വേഷിക്കുന്നതിനു പകരം **അവന്റെ രാജ്യവും നീതിയും അന്വേഷിക്കുവാനായിരുന്നു** യേശു പറഞ്ഞത്. "രാജ്യം" എന്ന വാക്കും (*ഹാസിലേയിയാ*), "നീതി" എന്ന വാക്കും (*ഡിക്കായിയോസുനേ*) മലപ്രസംഗത്തിൽ അടിക്കടി കാണാം (5:3, 6, 10, 19, 20; 6:1, 10, 13, 33; 7:21).

"അവന്റെ രാജ്യം" എന്നു പറയുന്നത് ദൈവത്തിന്റെ വാഴ്ച്ച അല്ലെങ്കിൽ ആധിപത്യം ആണ്, അത് ക്രിസ്തുവിന്റെ സഭ എന്ന രൂപത്തിൽ സ്ഥാപിച്ചിരിക്കുന്നു (6:10 ലെ പരാമർശം നോക്കുക). പിന്നീട് മത്തായിയുടെ പുസ്തകത്തിൽ, "രാജ്യം" (*ഹാസിലേയിയാ*), "സഭ" (*എക്ലേസിയ*) മാറി മാറി ഉപയോഗിച്ചിരിക്കുന്നു (16:18, 19). "അവന്റെ നീതി" എന്നു പറയുന്നത് ദൈവത്തിന്റെ ജീവിത നിലവാരമാണ്, അതിന് അവന്റെ കൽപനകൾ ഹൃദയപൂർവ്വം അനുസരിക്കേണ്ടതായിട്ടുണ്ട് (5:6, 20 ന്റെ പരാമർശം നോക്കുക). കഴിഞ്ഞ കാലത്ത് ദൈവത്തിന്റെ നീതിയുള്ള ചട്ടങ്ങൾ മോശെയുടെ ന്യായപ്രമാണം മുഖാന്തരം വെളിപ്പെടുത്തിയിരുന്നു. എങ്ങനെയായാലും, ക്രിസ്തു വന്നതു ഒരു പുതിയ നിയമം സ്ഥാപിക്കുവാനായിരുന്നു. ഈ നിയമത്തിൻകീഴിൽ വരുന്നവർ ഏതാനും മാത്രം തിരഞ്ഞെടുക്കാതെ അവന്റെ കൽപനകളെല്ലാം സ്വീകരിക്കണം.

തന്നെ ആളുകൾ "അന്വേഷിക്കണം" എന്നു ദൈവം ആഗ്രഹിക്കുന്നു (പ്രവൃ. 17:26, 27; എബ്രാ. 11:6). "അന്വേഷിക്കുക" എന്നതിനുള്ള ഗ്രീക്ക് വാക്ക് (*സീറ്റിയോ*) പുതിയനിയമത്തിൽ ധാരാളം പ്രാവശ്യം കാണുന്നുണ്ട്. ഇവിടെ അത് ആജ്ഞാ രൂപത്തിൽ തുടർച്ചയായി അന്വേഷിച്ചുകൊണ്ടിരിക്കണം എന്നാണ് അർത്ഥമാക്കുന്നത്, അല്ലാതെ ഒരിക്കൽ – മാത്രമുള്ള അന്വേഷണമല്ല. "ദൈവത്തിന്റെ രാജ്യവും നീതിയും" അന്വേഷിക്കുക എന്നതായിരിക്കണം ഒരാളുടെ ജീവിതത്തിലെ മുൻഗണന. ഫലം, പൗലൊസ് പറഞ്ഞതായിരിക്കും, "നീതിയും, സമാധാനവും, പരിശുദ്ധാത്മാവിലുള്ള സന്തോഷവും" (റോമർ. 14:17). ദൈവത്തിന്റെ രാജ്യവും നീതിയും ആദ്യം അന്വേഷിച്ചുകഴിഞ്ഞാൽ അർത്ഥശൂന്യമായ വിചാരവും, ആധിയും നീങ്ങിപ്പോകും. ദൈവമക്കൾ അങ്ങനെ ചെയ്താൽ, **അവ എല്ലാം** (ജീവിതത്തിലെ ആവശ്യങ്ങൾ) നമുക്ക് ലഭിക്കുമെന്ന്

കർത്താവ് വാഗ്ദാനം ചെയ്തിരിക്കുന്നു (ഫിലി. 4:11–13 നോക്കുക).

**വാക്യം 34**. യേശു അവസാനിപ്പിച്ചു, “**അതുകൊണ്ട്, നാളെക്കായി വിചാരപ്പെടരുത്; നാളത്തെ ദിവസം തനിക്കായി വിചാരപ്പെടുമല്ലോ.**” ശിഷ്യൻ നാളെയെ കുറിച്ച് അധികം വിചാരപ്പെടരുത്, എന്നാൽ ഒരിക്കൽ ഒരു ദിവസം ജീവിക്കുക. ഒരു ശിഷ്യൻ ഭാവിയിൽ വരുവാനിടയുള്ള ശക്തമായ പ്രശ്നത്തെ കുറിച്ച് ചിന്തിക്കാതെ ഇപ്പോഴത്തെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുകയാണ് വേണ്ടത്.

ഭാവിയെ കുറിച്ചുള്ള വിചാരം ഒരാളുടെ വർത്തമാന കാല ക്രിയാത്മകതയെ ബാധിക്കയും അയാളുടെ ആയുഷ്ക്കാലം കുറക്കുകയും ചെയ്യും. അപ്പൊക്രിഫയിലെ സിരാഖ് പുസ്തകം പറയുന്നത്, “**വിചാരം ഒരാളെ അകാല വാർദ്ധക്യത്തിലേക്കു നയിക്കും.**”[15] കൂടാതെ ആളുകൾ ഉൽക്കണ്ഠപ്പെടുന്ന പല കാര്യങ്ങളും അങ്ങനെ സംഭവിക്കയില്ല; ജീവിതത്തിലെ സാഹചര്യങ്ങൾ നിരന്തരം മാറിക്കൊണ്ടിരിക്കും (സദൃശ. 27:1; യാക്കൊ. 4; 13–17). താൽമൂദ് പറയുന്നു, “നാളെ വരുവാനിടയുള്ള കുഴപ്പങ്ങളെ കുറിച്ച് ചിന്തിച്ച് അസ്വസ്ഥമാകുന്നവരേ, നാളെ എന്തെല്ലാം വരുമെന്ന് നിങ്ങൾ അറിയുന്നില്ലല്ലൊ. അങ്ങനെ അയാൾ തന്റേതല്ലാത്ത ലോകത്തിൽ ദുഃഖിക്കുവാനിടവരും.”[16] “ഒരു മണിക്കൂർ നേരത്തേക്കുള്ള കുഴപ്പം മതി.”[17]

## പാഠങ്ങൾ

### നിക്ഷേപം സ്വരൂപിക്കൽ (6:19-24)

അമേരിക്കക്കാരുടെ വരുമാനത്തിൽ ചെലവഴിക്കുന്നത് അധികവും നാളെ പെട്ടെന്ന് ചവറായി തീരുന്നവക്കുവേണ്ടിയാണ്. നമുക്ക് സ്വായത്തമാക്കണമെന്ന് നാം വിചാരിക്കുന്ന ചിലത് അടുത്ത വർഷം നിക്ഷേപം സ്വരൂപിക്കുന്നവരുടെ കൈകളിലെത്തും. ഒരു ബുദ്ധിമാനായ മനുഷ്യൻ എഴുതി, “അമേരിക്കക്കാർ, തങ്ങൾക്ക് ആവശ്യമില്ലാത്ത സാധനങ്ങൾ വാങ്ങുവാൻ, അവരുടേതല്ലാത്ത പണം ചെലവഴിക്കുന്നത്, തങ്ങൾക്കിഷ്ടമില്ലാത്ത ആളുകളെ പ്രീതിപ്പെടുത്തുവാനാണ്.”

ധാരാളം ആളുകൾ ഭൗതികമായ സ്വത്തു സമ്പാദിക്കുന്നത് അവർക്ക് തന്നെ മുഴുവൻ ആസ്വദിക്കുവാൻ കഴിയുന്നില്ല. ഭൗതിക സമ്പാദ്യത്തിന്റെ അർത്ഥശൂന്യത ഒരു ബമ്പർ സ്റ്റിക്കറിൽ ഇങ്ങനെ വായിക്കുന്നു, “ഏറ്റവും കൂടുതൽ കളിപ്പാട്ടങ്ങളോടുകൂടെ മരിക്കുന്നവർ ജയിക്കുന്നു.” എങ്ങനെയായാലും, “നിങ്ങൾ പോകുമ്പോൾ അവ ഒന്നും കൊണ്ടുപോകുവാൻ സാധ്യമല്ല” എന്നു നമുക്ക് എല്ലാവർക്കും അറിയാം. പൗലൊസ് എഴുതി, “ഇഹലോകത്തിലേക്ക് നാം ഒന്നും കൊണ്ടുവന്നിട്ടില്ല. ഇവിടെനിന്നു യാതൊന്നും കൊണ്ടുപോകുവാൻ കഴിയുന്നതുമല്ല” (1 തിമൊ. 6:7). ഈ ജീവിതത്തിനുശേഷം ആസ്വദിക്കേണ്ടതിന്ന് ചില മിസ്രയിം ഫറവോമാർ മരിച്ചപ്പോൾ അവരുടെ സ്വത്തും അവരുടെ പിരമിഡുകളിൽ വെച്ചിരുന്നു. അതിനു പകരം അവരുടെ സ്വത്തുകൾ ആസ്വദിക്കുന്നതു കവർച്ചക്കാരോ, അടുത്ത തലമുറയിലെ ഭൂഗർഭ ഗവേഷകരോ ആയിരിക്കാം.

ലോകത്തിലുള്ള സ്വത്ത് കൈവശമാക്കുന്നതിലായിരിക്കരുത് നമ്മുടെ ശ്രദ്ധ, പിന്നെയോ, ദൈവരാജ്യത്തിലും മറ്റുള്ളവരെ സഹായിക്കുന്നതിലും ആയിരിക്കണം. ദൈവത്തിൽനിന്നു ലഭിക്കുന്ന അനുഗ്രഹങ്ങൾ നാം ആ ഉദ്ദേ

ശങ്ങൾക്കായി ഉപയോഗിക്കുമ്പോൾ, നമുക്ക് സ്വർഗത്തിൽ നിക്ഷേപിക്കുവാൻ കഴിയും: "നിന്റെ നിക്ഷേപം ഉള്ളേടത്ത് നിന്റെ ഹൃദയവും ഇരിക്കും" (6:21). അല്ലെങ്കിൽ സ്വർഗത്തിലെ സന്തോഷം നമുക്ക് നഷ്ടമാകും. ന്യായവിധി നാളിൽ നമ്മുടെ കണക്കിൽ "മതിയായ പണം ഇല്ല," "കണക്ക് അവസാനിപ്പിച്ചിരിക്കുന്നു" എന്നു കേൾക്കുന്നത് എത്ര വേദനാജനകമായിരിക്കും!

ക്രിസത്യാനികളായി നമുക്ക് ബന്ധമുള്ളത് ക്രിസ്തുവിനോടാണ്. നമുക്ക് സമ്പത്തിനേയും ക്രിസ്തുവിനേയും ഒരേ സമയത്ത് സേവിപ്പാൻ കഴിയുകയില്ല. ഒരിക്കൽ ഒരാൾ തന്റെ ഭൗതികമായ സമ്പത്തിന് അടിമപ്പെട്ടുപോയാൽ, അയാൾ തന്റെ ജീവിതത്തിൽനിന്നു ക്രിസ്തുവിനെ എടുത്തു മാറ്റും. ഭൗതികമായ വസ്തുക്കൾ നിറഞ്ഞ ഒരു ഹൃദയത്തിൽ ക്രിസ്തു വസിക്കുകയില്ല. ഒരു തിരഞ്ഞെടുപ്പ് നടത്തണം. നിത്യതയിൽ ദൈവത്തോടുകൂടി വസിക്കണമെന്നുണ്ടെങ്കിൽ, പാപത്തെയും ലൗകിക സമ്പാദ്യവും ഉപേക്ഷിച്ച് ദൈവത്തെയും അവന്റെ നീതിയെയും സേവിക്കണം (റോമർ. 6:16–18).

**സർവ്വശക്തനായ ദൈവം (6:24)**

ഒരു ദേശമായി അമേരിക്ക അനുഗ്രഹിക്കപ്പെടുവാനുള്ള കാരണം അവരുടെ ദൈവത്തിലുള്ള വിശ്വാസമായിരുന്നു എന്നു അമേരിക്കയുടെ സ്ഥാപക പിതാക്കന്മാർ വിശ്വസിച്ചിരുന്നു. തങ്ങൾക്ക് സ്വാതന്ത്ര്യം ലഭിച്ചതും ഭാവി വിജയം ലഭിക്കുന്നതും ദൈവം കാരണമാണെന്ന് വിശ്വസിച്ചതുകൊണ്ടാണ് അമേരിക്കക്കാർ പാരമ്പര്യമായി നോട്ടുകളിൽ "ദൈവത്തിൽ ഞങ്ങൾ ആശ്രയിക്കുന്നു" എന്ന് അച്ചടിക്കുവാൻ തുടങ്ങിയത്. "സർവ്വശക്തിയുള്ള ഡോളറിൽ" ആശ്രയിക്കുന്നതിനേക്കാൾ "സർവ്വശക്തനായി ദൈവത്തിൽ" ആശ്രയിക്കുവാനായിരുന്നു അവർ ഞങ്ങളെ പഠിപ്പിച്ചിരുന്നത്. ഡോളർ നോട്ടിന്റെ പുറകിൽ മരുഭൂമിയിൽ ഒരു പിരമിഡ് ഉയർന്നു നിൽക്കുന്നു (ഞങ്ങളുടെ വിജയ ചിഹ്നം) അതിനു ചുറ്റും എല്ലാം - കാണുന്ന കണ്ണുമുണ്ട് (ദൈവത്തിന്റെ കരണാധിക്യപ്രകാരമുള്ള കരുതൽ അലങ്കരിച്ചിരിക്കുന്നു). അതിനു മുകളിലുള്ള ലാറ്റിൻ പ്രയോഗം *ആനുയിറ്റ് കോയേപ്റ്റസ്* തർജിമ ചെയ്തിരിക്കുന്നത് "ഞങ്ങൾ ചെയ്യുന്നത് അവന് ഇഷ്ടമാണ്," അല്ലെങ്കിൽ "അവൻ ഞങ്ങളെ നോക്കി പുഞ്ചിരിക്കുന്നു" എന്നാണ്.

ഡേവിഡ് സ്റ്റുവർട്ട്

**വിചാരം (6:25-34)**

ഇംഗ്ലീഷ് വാക്ക് "വറി" എന്നത് ജെർമൻ വാക്കിൽനിന്നാണ് അർത്ഥം "ഞെക്കി കൊല്ലുക" എന്നാണ്. അതാണ് വിചാരം ചെയ്യുന്നത്: അത് ജീവിതത്തിൽ നിന്നും സുഖം എടുത്തു മാറ്റി ജീവിതത്തെ സങ്കീർണ്ണമാക്കുന്നു. അവരുടെ വിചാരങ്ങൾ നിമിത്തം, പലരും തങ്ങളുടെ നഖം കടിക്കയും, അല്ലെങ്കിൽ രാത്രികളിൽ ഉറങ്ങുവാൻ കഴിയാതാവുകയും ചെയ്യും. ചിലർ തൽഫലമായി സിഗററ്റിനും, മയക്കുമരുന്നിനും, മദ്യത്തിനും അടിമയായി തീരുന്നു. നമ്മുടെ സമൃദ്ധമായ ജീവൻ കവർന്നു കളയുന്നതാണ് വിചാരം.

കൗമാരപ്രായക്കാരും, പ്രായപൂർത്തിയെത്തിയ യുവാക്കളും, തങ്ങളുടെ സ്നേഹിതന്മാരെ കുറിച്ചും, ബന്ധങ്ങളെ കുറിച്ചും, വിദ്യാഭ്യാസത്തെ കുറിച്ചും ഭാവിയെ കുറിച്ചും വിചാരപ്പെടുന്നു. ചിലർ തങ്ങളുടെ വസ്ത്രധാരണത്തെ കുറിച്ചും വിചാരപ്പെടും; അവർ വിചാരിക്കുന്നത്, ഏറ്റവും അടുത്ത സമയ

ത്തിറങ്ങിയ പരിഷ്കൃത വസ്ത്രമാണ് ധരിക്കേണ്ടത് എന്ന് അവർ കരുതുന്നു. വൃദ്ധരായവർ യുവാക്കളെ കുറിച്ചും ദീർഘായുസിൽ എത്തുന്നതിനെ കുറിച്ചും ചിന്തിക്കും. ചിലർ "ചെറുപ്പമായിരുന്നു" നല്ല കാര്യങ്ങൾ ചെയ്യുന്നതിനെ കുറിച്ച് ചിന്തിക്കും, എന്നാൽ അങ്ങനെയുള്ള കാര്യങ്ങളെ കുറിച്ചു വിചാരപ്പെടുന്നതിനാൽ നമ്മുടെ ആയുസ് കുറയുകയേയുള്ളു. വിചാരപ്പെടുന്നതിനാൽ ആരോഗ്യപരമായ പല പ്രശ്നങ്ങളും ഉണ്ടാകുന്നു എന്നാണ് പല പഠനങ്ങളും തെളിയിച്ചിരിക്കുന്നത്. ഡോ. ചാൾസ് എച്ച്. മയോയും അദ്ദേഹത്തിന്റെ സഹോദരനും ചേർന്നു നടത്തുന്ന മയോ ക്ലിനിക്കിനു വേണ്ടി അദ്ദേഹം എഴുതി, "വിചാരപ്പെടൽ രക്തപ്രവാഹത്തെയും, ഹൃദയത്തെയും, ഗ്രന്ഥികളെയും, നാഡീവ്യുഹത്തെയും ബാധിക്കും. കഠിനാദ്ധ്വാനത്താൽ ആരെങ്കിലും മരിച്ചതായി ഞാൻ കേട്ടിട്ടില്ല, എന്നാൽ സംശയം നിമിത്തം പലരും മരിച്ചിട്ടുണ്ട്."[18]

---

കുറിപ്പുകൾ

[1]തോബിറ്റ് 4:9, 10; 4 *എസ്രാ* 6.5; *ടെസ്റ്റമെന്റ് ഓഫ് ലേവി* 13.5; *ശലോമോന്റെ സങ്കീർത്തനങ്ങൾ* 9.5; മിഷ്നാ *പേയാഹ്* 1.1. [2]സിരാഖ് 29:10, 11 (എൻആർഎസ്‌വി). [3]താൽമൂദ് *ബാഹാ ബാത്രാ* 11 ഏ. [4]ജെ. സി. റൈൽ, *റൈൽസ് എക്സ്പോസിറ്ററി തോട്ട്സ് ഓൺ ദ ഗോസ്പെൽസ്, മാത്യു - മാർക്ക്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, എൻ. ഡി.), 56. [5]ആർ റ്റി. ഫ്രാൻസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, ദ ടിൻഡേൽ ന്യൂടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു.എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1985), 138–39. [6]നോക്കുക സിരാഖ് 14:9. [7]*ടെസ്റ്റമെന്റ് ഓഫ് ജോസെഫ്* 14.2; മിഷ്നാ *പെസഹിം* 8.1. [8]ജാക് പി. ലേവിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, പാർട്ട് 1, ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1976), 107. [9]ഇബിഡ്., 49. [10]വില്യം ഹെൻഡ്രിക്സെൻ, *ന്യുടെസ്റ്റമെന്റ് കമെന്ററി: എക്സ്പൊസിഷൻ ഓഫ് ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1973), 349, എൻ. 334.

[11]മൈക്കിൾ ജോ. വിൽക്കിൻസ്, "മാത്യു," ഇൻ *സോണ്ടർവാൻ ഇല്ലസ്ട്രേറ്റഡ് ബൈബിൾ ബാക്ഗ്രൗണ്ട്സ് കമെന്ററി*, വാല്യം. 1, *മാത്യു, മാർക്ക്, ലൂക്ക്,* എഡി., ക്ലിന്റൺ ഈ. ആർണോൾഡ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, 2002), 48. [12]ഇബിഡ്., 49. [13]താൽമൂദ് സതാഹ് 48 ബി. [14]റോബർട്ട് എച്ച്. മൗൺസ്, *മാത്യു*, ന്യൂ ഇന്റർനാഷ്ണൽ ബിബിളിക്കൽ കമെന്ററി (പീബഡി, മാസ്.: ഹെൻഡ്രിക്സെൻ പബ്ലിഷേഴ്സ്, 1991), 61. [15]സിരാഖ് 30:24 (എൻആർഎസ്‌വി). [16]താൽമൂദ് *സാൻഹെദ്രിൻ* 100 ബി. [17]താൽമൂദ് *ബെരാക്കോത്ത്* 9 ബി. [18]ക്വോട്ടഡ് ഇൻ *വറീസ്: വെബ്സ്റ്റേഴ്സ് ക്വൊട്ടേഷൻസ്, ഫാക്റ്റ്സ് ആന്റ് ഫ്രെയിസസ്* (സൻ ഡിയേഗോ: ഐക്കോൺ ഗ്രൂപ് ഇന്റർ നാഷ്ണൽ, 2008), 8.